**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1276** **27-07-2021 - ൽ മറുപടിയ്ക്ക്**

**എല്ലാ പഞ്ചായത്തിലും ഒരു കളിസ്ഥലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ മാർഗ്ഗരേഖയും നടപടിക്രമങ്ങളും വിശദമാക്കാമോ; | (എ) | കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും, 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 സ്റ്റേഡിയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും 8 സ്റ്റേഡിയങ്ങളുടെയും ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ പഞ്ചായത്തിലും ഒരു സ്റ്റേഡിയം എന്ന പദ്ധതി ആരംഭിക്കുന്നതാണ്. തെരഞ്ഞെടുക്കുന്ന കായിക ഇനത്തിന്റെ അംഗീകൃത നിയമാവലിയുടെ അടിസ്ഥാനത്തിലാണ് സ്ഥല വിസ്തൃതി നിർണ്ണയിക്കുന്നത്. പ്രാദേശിക താൽപര്യവും അഭിരുചിയും കണക്കിലെടുത്ത് സ്റ്റേഡിയത്തിൽ ഉൾപ്പെടുത്തേണ്ട കായിക ഇനം തീരുമാനിക്കുന്നതാണ്. |
| (ബി) | തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥയിലുള്ള കളിസ്ഥലങ്ങളുടെ നവീകരണവും വികസനവും ഈ പദ്ധതിയിലൂടെ സാധ്യമാക്കാൻ കഴിയുമോ; ചുരുങ്ങിയത് എത്ര വിസ്തീർണ്ണമുള്ള കളിസ്ഥലങ്ങളാണ് പദ്ധതിക്കായി തെരഞ്ഞെടുക്കാറുള്ളതെന്ന് അറിയിക്കാമോ; | (ബി) | കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും, 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 സ്റ്റേഡിയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും 8 സ്റ്റേഡിയങ്ങളുടെയും ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 20 |

| | | | |
|---|---|---|---|
| | | | പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ പഞ്ചായത്തിലും ഒരു സ്റ്റേഡിയം എന്ന പദ്ധതി ആരംഭിക്കുന്നതാണ്. തെരഞ്ഞെടുക്കുന്ന കായിക ഇനത്തിന്റെ അംഗീകൃത നിയമാവലിയുടെ അടിസ്ഥാനത്തിലാണ് സ്ഥല വിസ്തൃതി നിർണ്ണയിക്കുന്നത്. പ്രാദേശിക താൽപര്യവും അഭിരുചിയും കണക്കിലെടുത്ത് സ്റ്റേഡിയത്തിൽ ഉൾപ്പെടുത്തേണ്ട കായിക ഇനം തീരുമാനിക്കുന്നതാണ്. |
| (സി) | എത്ര തുകയാണ് ഓരോ കളിക്കളങ്ങളുടെയും വികസനത്തിനായി അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായുള്ള പദ്ധതി ഏത് ഏജൻസി വഴിയാണ് സമർപ്പിക്കേണ്ടതെന്നും വ്യക്തമാക്കാമോ? | (സി) | പദ്ധതി പ്രദേശത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കായിക ഇനത്തിന്റെയും പദ്ധതി പ്രദേശത്തിന്റെ സ്വഭാവത്തിന്റെയും വിവിധ ഘടകങ്ങളെയും ആശ്രയിച്ചായിരിക്കും തുക വകയിരുത്തുന്നത്. സർക്കാർ നിശ്ചയിക്കുന്ന ഏജൻസി മുഖേനയായിരിക്കും അപേക്ഷകൾ സ്വീകരിക്കുക |

സെക്ഷൻ ഓഫീസർ